മുദ്രകൾ

# മുഹമ്മദ് ത്വൻത്വാവിയുടെ പിൻഗാമിയാര്?



**ഒട്ടേറെ** വിവാദങ്ങളിലൂടെ കടന്നുപോയ പണ്ഡിതനായിരുന്നു കഴിഞ്ഞ മാർച്ച് പത്തിന് അന്തരിച്ച മുഹമ്മദ് സയ്യിദ് ത്വൻത്വാവി(81). ഫൈസൽ അവാർഡ് ദാനചടങ്ങളിൽ പങ്കെടുക്കാൻ സുഊദി അറേബ്യയിലെത്തിയപ്പോഴായിരുന്നു അന്ത്യം. ഈജിപ്തിലെ പൗരാണിക വിദ്യാകേന്ദ്രമായ അൽ അസ്ഹറിന്റെ റെക്ടറായിരുന്നു (ശൈഖുൽ അസ്ഹർ) അദ്ദേഹം. 1996–ലാണ് ഈജിഷ്യൻ പ്രസിഡന്റ് ഹുസ്നി മുബാറക് അദ്ദേഹത്തെ ശൈഖുൽ അസ്ഹറായി നിയമിച്ചത്. അതിന് മുമ്പ് ഈജിപ്ഷ്യൻ ഗ്രാന്റ് മുഫ്തിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

മത, ദേശീയ, അന്തർദേശീയ പ്രശ്നങ്ങളിൽ ത്വൻത്വാവി സ്വീകരിച്ച പല നിലപാടുകളും വലിയ വിവാദങ്ങൾക്ക് വഴിവെച്ചു. പ്രസിഡന്റ് ഹുസ്നി മുബാറകിന്റെ നിലപാടുകൾക്കൊപ്പിച്ച് അദ്ദേഹം ഫത്വ നൽകുന്നുവെന്നായിരുന്നു പ്രധാന ആരോപണം. 2004–ൽ ഫ്രഞ്ച് ഗവൺമെന്റ് സ്കൂളുകളിലും മറ്റു സ്ഥാപനങ്ങളിലും ഹിജാബ് നിരോധം ഏർപ്പെടുത്തിയതിനെ അനുകൂലിച്ചതിന്റെ പേരിൽ ത്വൻത്വാവി മുസ്‌ലിം ലോകത്ത് കടുത്ത ഭാഷയിൽ വിമർശിക്കപ്പെട്ടു. രണ്ടു തിന്മകളിൽ ലഘുവായത് സ്വീകരിക്കുക എന്ന ഫിഖ്ഹി തത്ത്വത്തിന്റെ അടിസ്ഥാനത്തിൽ മുസ്‌ലിം പെൺകുട്ടികൾക്ക് തലമറക്കാതെയും സ്കൂളിൽ പോകാം എന്ന ഫത്വക്കെതിരെയും പ്രതിഷേധമുയർന്നു. സ്ത്രീകൾ മാത്രമുള്ള സ്ഥാപനങ്ങളിൽ ഹിജാബ് വേണ്ടതില്ലെന്ന അഭിപ്രായവും വിമർശനം ക്ഷണിച്ച് വരുത്തി. പല സന്ദർഭങ്ങളിലും ഡോ. യൂസുഫുൽ ഖറദാവിയും അദ്ദേഹവും വിരുദ്ധ ധ്രുവങ്ങളിലായിരുന്നു. ഗസ്സയിലേക്ക് ഭക്ഷണവും സാധന സാമഗ്രികളും എത്തുന്നത് തടയാൻ ഇസ്രയേലിന്റെ ഒത്താശയോടെ ഈജിപ്ത് ഗസ്സ അതിർത്തിയിൽ ഇരുമ്പ് മതിൽ പണിയാനൊരുങ്ങിയതിനെ സുരക്ഷയുടെ പേരിൽ ന്യായീകരിച്ച ത്വൻത്വാവിയെയും ഒരു പറ്റം പണ്ഡിതന്മാരെയും ഖറദാവി രൂക്ഷമായി വിമർശിച്ചിരുന്നു.

എങ്കിലും മുസ്‌ലിം ലോകത്ത് ജനസമ്മതി ആർജിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. ജോർജ് ടൗൺ യൂനിവേഴ്സിറ്റിയും ജോർദാനിലെ ഇസ്‌ലാമിക് സ്ട്രാറ്റജിക് സ്റ്റഡീസ് കേന്ദ്രവും ചേർന്ന് നടത്തിയ സർവേയിൽ ലോകത്തെ ഏറ്റവും സ്വാധീനമുള്ള പത്ത് മുസ്‌ലിം വ്യക്തിത്വങ്ങളിലൊരാളായി അദ്ദേഹത്തെ തെരഞ്ഞെടുത്തിരുന്നു. ഹദീസും ഖുർആൻ വ്യാഖ്യാനവുമാണ് അദ്ദേഹത്തിന്റെ പഠനമേഖല. അതേസമയം, 42–ാം ശൈഖുൽ അസ്ഹറായിരുന്ന ത്വൻത്വാവി ആ ശ്രേണിയിലെ ഏറ്റവും ദുർബലനായാണ് കണക്കാക്കപ്പെടുന്നത്. ഗവൺമെന്റ് നോമിനിയായതുകൊണ്ട് സ്വതന്ത്ര നിലപാടെടുക്കാൻ കഴിയാതിരുന്നതാണ് അതിനു കാരണം.

അതിനാൽ ഫഹ്മീ ഹുവൈദി പോലുള്ള പത്രപ്രവർത്തകരും ഇഖ്വാനുൽ മുസ്‌ലിമൂന്റെ ഔദ്യോഗിക വക്താവും പുതിയ ശൈഖുൽ അസ്ഹറിനെ വോട്ടെടുപ്പിലൂടെ തീരുമാനിക്കണം എന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഗവൺമെന്റാകട്ടെ ഈ ആവശ്യം ചെവികൊള്ളാൻ യാതൊരു സാധ്യതയുമില്ല. നിലവിലെ ഗ്രാന്റ് മുഫ്തി ഡോ. അലി ജുമുഅയെ ശൈഖുൽ അസ്ഹറാക്കാനാണ് അണിയറയിൽ ശ്രമം. അത് സാധ്യമാവാതെ വന്നാൽ അൽ അസ്ഹർ യൂനിവേഴ്സിറ്റി തലവൻ ഡോ. അഹ്മദ് ത്വയ്യിബിന് നറുക്ക് വീണേക്കാം. രണ്ടു പേരും കുനിയാൻ പറഞ്ഞാൽ മുട്ടിൽ ഇഴയുന്നവർ. ഈ വിശ്വ പ്രശസ്ത സ്ഥാപനത്തിന്റെ ഭാവിക്ക് മേൽ കരിനിഴൽ വീഴ്ത്തുകയാണ് ഭരണകൂടത്തിന്റെ തത്ത്വദീക്ഷയില്ലാത്ത ഇടപെടലുകൾ. ■

# താരിഖ് റമദാന് ഇനി അമേരിക്കയിൽ കടക്കാം

**നിയമക്കുരുക്കുകൾക്ക്** വിട. പ്രശസ്ത അക്കാദമീഷ്യനും ഇസ്‌ലാമിക ചിന്തകനുമായ താരിഖ് റമദാന് ഇനി അമേരിക്കയിൽ കടക്കാം. ജോർജ് ബുഷ് അമേരിക്കൻ പ്രസിഡന്റായിരുന്ന സന്ദർഭത്തിലാണ് താരിഖിന്



വിസ നിഷേധിച്ചത്. "മുസ്‌ലിം ലോകവുമായി സൗഹൃദം എന്ന ബറാക് ഒബാമയുടെ പുതിയ രാഷ്ട്രീയത്തിന്റെ ഭാഗമാണ് വിസാ നിരോധം എടുത്തുകളയൽ. മറ്റു മതങ്ങളുമായി സംവാദങ്ങൾ നടത്താൻ മുസ്‌ലിം അക്കാദമിഷ്യന്മാർക്ക് അവസരമൊരുക്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു." അമേരിക്കൻ വിദേശകാര്യ വക്താവ് ഫിലിപ്പ് ക്രോളി പറഞ്ഞു.

വാഷിംഗ്ടണിൽ നിന്നുണ്ടായ അനുകൂല പ്രതികരണത്തിൽ താരിഖ് റമദാൻ സന്തോഷം പ്രകടിപ്പിച്ചു. "അമേരിക്കൻ ബുദ്ധിജീവികളുമായും സാംസ്കാരിക പ്രവർത്തകരുമായും ആശയവിനിമയം നടത്താൻ ഇതെനിക്ക് അവസരം തുറന്നു തരുമെന്ന് പ്രതീക്ഷിക്കുന്നു."

2004-ൽ ഇന്ത്യാന സംസ്ഥാനത്തിലെ നോട്ടർഡാം സർവകലാശാലയാണ് താരിഖ് റമദാനെ അധ്യാപകനായി നിയമിച്ചത്. അദ്ദേഹത്തെ ഭീകരപ്പട്ടികയിൽ ഉൾപ്പെടുത്തി ബുഷ് ഭരണകൂടം അദ്ദേഹത്തിന് വിസ നിഷേധിക്കുകയായിരുന്നു. അതിന് മുമ്പ് അദ്ദേഹം പലതവണ അമേരിക്ക സന്ദർശിച്ച കാര്യമൊന്നും ഭരണകൂടം കണക്കിലെടുക്കുകയുണ്ടായില്ല.

സ്വിറ്റ്സർലന്റിൽ സ്ഥിരതാമസമാക്കിയ താരിഖ് റമദാൻ ഇമാം ഹസനുൽ ബന്നായുടെ മകളുടെ പുത്രനാണ്. ബ്രിട്ടനിലെ ഓക്സ്ഫോർഡ് യൂനിവേഴ്സിറ്റിക്ക് കീഴിലെ സെന്റ് അന്റോണിയോ കോളേജിൽ ഇസ്‌ലാമിക പഠന തലവൻ കൂടിയാണ് താരിഖ്. ■

■ മരണം

## അമീന അസ്സിൽമി



ന്യൂയോർക്ക്: പ്രശസ്ത ഇസ്‌ലാമിക ചിന്തകയും ന്യൂയോർക്ക് ആസ്ഥാനമായ ഇന്റർനാഷനൽ യൂനിയൻ ഓഫ് മുസ്‌ലിം വിമൺ എന്ന അന്താരാഷ്ട്ര വനിതാ സംഘടനയുടെ ഡയറക്ടറുമായ അമീന അസ്സിൽമി (66) വാഹനാപകടത്തിൽ മരിച്ചു. മാർച്ച് അഞ്ചിനായിരുന്നു മരണം. ന്യൂയോർക്കിലെ പ്രഭാഷണ പരിപാടിയിൽ പങ്കെടുത്ത് മടങ്ങവെ ന്യൂപോർട്ട് ടെന്നിസിയിലെ വീടിനടുത്ത് കാർ മറിഞ്ഞാണ് അപകടം.

യൗവനകാലത്ത് ബാപ്റ്റിസ്റ്റും സ്ത്രീ വിമോചനവാദിയും മാധ്യമ പ്രവർത്തകയുമായിരുന്ന അസ്സിൽമി 1977-ൽ ഇസ്‌ലാം മതം സ്വീകരിച്ച ശേഷം മതപ്രചാരണ രംഗത്ത് സജീവമാവുകയായിരുന്നു. മികച്ച പ്രഭാഷകയും വനിതാവകാശ പോരാളിയും ഗ്രന്ഥകർത്രിയുമായിരുന്ന അസ്സിൽമി അമേരിക്ക മുഴുവൻ ചുറ്റിനടന്ന് പ്രഭാഷണങ്ങൾ സംഘടിപ്പിച്ചിരുന്നു. ഇസ്‌ലാം സ്വീകരിച്ചതോടെ ഭർത്താവ് ഉപേക്ഷിച്ച അസ്സിൽമിക്ക് ഹിജാബ് ധരിച്ചതിനു ജോലിയും നഷ്ടപ്പെട്ടിരുന്നു. ■